**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1996** | **04-02-2026 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ കന്നുകുട്ടി പരിപാലനത്തിനും തീറ്റപ്പുല്ല് കൃഷി വ്യാപനത്തിനുമുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ക്ഷീരമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടി പരിപാലനത്തിനും തീറ്റപ്പുല്ല് കൃഷി വ്യാപനത്തിനും ഏതൊക്കെ പദ്ധതികളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | **പശുക്കുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് മുഖേന കാസർഗോഡ് ജില്ലയിൽ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - "ഗോവർദ്ധിനി" നടപ്പിലാക്കി വരുന്നു. 50% സംസ്ഥാന ആവിഷ്കൃത ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "ഗോവർദ്ധിനി". ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന 4-6 മാസം പ്രായമുള്ള പശുക്കുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ പരമാവധി 30 മാസം വരെ സമീകൃത തീറ്റ, 32 മാസംവരെ ഇൻഷ്വറൻസ് പരിരക്ഷ, ധാതു ലവണ മിശ്രിതം, വിരമരുന്ന്, കാലാകാലങ്ങളിൽ രോഗപ്രതിരോധ കുത്തിവയ്പ്പ് എന്നിവ നൽകുന്നു. പശുക്കുട്ടികളുടെ ശാസ്ത്രീയ പരിചരണത്തിലൂടെ പ്രത്യുൽപാദനക്ഷമതയും ഉത്പാദനക്ഷമതയും ക്രമേണ വർദ്ധിപ്പിക്കുകയും പാലുൽപാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുകയുമാണ് പദ്ധതിയുടെ ഉദ്ദേശം. കർഷകർക്ക് ശാസ്ത്രീയ കന്നുകുട്ടി പരിപാലനത്തിൽ പരിശീലനവും പദ്ധതിയുടെ ഭാഗമായി നൽകുന്നു. നിലവിൽ ഒരു കന്നുകുട്ടിക്ക് അനുവദിക്കുന്ന ആകെ സബ്സിഡി 12,500/- രൂപയാണ്.**<br><br>**2025-26 സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ ഗോവർദ്ധിനി പദ്ധതിക്കായി 37,21,600/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.**<br><br>**ഗോവർദ്ധിനി 2024-25 പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ ക്ഷീരമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 1450 കന്നുക്കുട്ടികളെ വരിചേർത്ത് കന്നുക്കുട്ടി പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി ഇതിനോടകം 66,70,550/- രൂപ ചെലവഴിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷിക്കായി പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.** |

| | | | |
|---|---|---|---|
| | | | **കാസർഗോഡ് ജില്ലയിൽ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**KASARAGODE DISTRICT 2025-26**

**Plan schemes cattle management comes under Milk Shed development program**

**Various MSDP schemes are given below**

| Serial No | Name of scheme (Nos) | Target | Unit subsidy | Total Outlay (in Rs) |
|---|---|---|---|---|
| 1 | One Cow Unit | 25 | 30000 | 750000 |
| 2 | Two Cow Unit | 18 | 60000 | 1080000 |
| 3 | Five Cow Unit | 1 | 150000 | 150000 |
| 4 | Ten Cow Unit | 2 | 380000 | 760000 |
| 5 | Cattleshed | 9 | 50000 | 450000 |
| 6 | Modernisation & Mechanisation | 9 | 50000 | 450000 |
| 7 | Milking Machine | 6 | 30000 | 180000 |
| 8 | Continued assisitance for Extreme Proverty | 4 | 8100 | 32400 |
| 9 | Ksheerayuva Scheme | 1 | 464000 | 464000 |
| 10 | Heifer Park | 1 | 900000 | 900000 |
| | **Total** | | | **5216400** |
| **Fodder Development schemes** | | | | |
| 1 | Fodder Subsidy(Hectares) | 21 | 33000 | 693000 |
| 2 | Fodder free slips supply (Hectares) | 8 | 19250 | 154000 |
| 3 | Irrigation Assistance (Nos) | 2 | 10000 | 20000 |
| 4 | Irrigation Assistance above one acre (Nos) | 1 | 25000 | 25000 |
| 5 | Mechanisation (Nos) | 2 | 10000 | 20000 |
| 6 | Barrenland cultivation (Nos) | 1 | 91000 | 91000 |
| 7 | Maize Cultivation (Hectares) | 5 | 12625 | 63125 |
| 8 | Fodder Tree sapling supply (Nos) | 1350 | 10 | 13500 |
| | **Total** | | | **1079625** |